5
SUNDAY
MAY 2019
# ദുബായ് വാർത്ത
www.dubaivartha.com
A WHATSAPP NEWS PAPER


## ഗൾഫ് രാജ്യങ്ങളിൽ നാളെ റമദാൻ വ്രതാരംഭം.



സൗദി അറേബ്യയിൽ ശനിയാഴ്ച മാസപ്പിറവി കാണാത്തതിനാലാണ് വ്രതാരംഭം തിങ്കളാഴ്ചയാണെന്ന് ഉറപ്പായത്.

## ജാവേദ് അക്തറിന്റെ കണ്ണ് കുത്തിപ്പൊട്ടിച്ച് നാവ് പിഴുതെറിയുമെന്ന് കർണി സേന.



രാജ്യത്ത് മുസ്ലിം സത്രീകൾ ധരിക്കുന്ന ബുർഖ നിരോധിക്കുകയാണെങ്കിൽ താൻ അതിന് എതിരെല്ലെന്നും, എന്നാൽ അതേ യുക്തി അനുസരിച്ച് ഹിന്ദു സ്ത്രീകൾ മുഖം മറയ്ക്കാൻ ഉപയോഗിക്കുന്ന ഘൂൺഘട്ടും നിരോധിക്കണമെന്നായിരുന്നു ജാവേദ് പറഞ്ഞത്.

## കേരളത്തിൽ 3 ദിവസം ശക്തമായ മഴയ്ക്ക് സാധ്യത;

## മേയ് 6നും7നും ഇടുക്കി ജില്ലയിൽ യെല്ലോ അലർട്ട്



ബംഗാൾ ഉൾക്കടലിൽ തമിഴ്നാട്, പുതുച്ചേരി തീരത്ത് തെക്ക്/തെക്കുപടിഞ്ഞാറ് ദിശയിൽ മണിക്കൂറിൽ 35 - 45 കി.മീ വേഗതയിൽ കാറ്റ് വീശുവാൻ സാധ്യതയുണ്ട്. മത്സ്യത്തൊഴിലാളികൾ ജാഗ്രത പാലിക്കണമെന്ന് കാലാവസ്ഥാവകുപ്പ്.

# ബി.ജെ.പി. നേതാവ് ഭീകരരുടെ വെടിയേറ്റ് മരിച്ചു:



തെക്കൻ കശ്മീരിലെ ബി.ജെ.പി. നേതാവായ ഗുൽ മുഹമ്മദ് മിർ (60) ആണ് ഭീകരരുടെ വെടിയേറ്റ് കൊല്ലപ്പെട്ടത്. അനന്തനാഗ് ജില്ലയിലെ നൗഗാം ഗ്രാമത്തിൽ കഴിഞ്ഞ ദിവസം വൈകിട്ടായിരുന്നു സംഭവം.

# ഞാൻ സൗദി കിരീടാവകാശിയോട് അഭ്യർഥിച്ചു, 850 ഇന്ത്യക്കാരെ സൗദി മോചിപ്പിച്ചു– നരേന്ദ്രമോദി



സൗദി കിരീടാവകാശിയുടെ ഇന്ത്യൻ സന്ദർശനത്തിനിടെയാണ് ഇക്കാര്യം അഭ്യർത്ഥിച്ചതെന്നും അത് അംഗീകരിച്ച സൗദി കിരീടാവകാശി റംസാന് മുമ്പ് തന്നെ ഇന്ത്യൻ പൗരന്മാരെ മോചിപ്പിച്ചെന്നും നരേന്ദ്രമോദി പറഞ്ഞു.

# പരാതിയില്ലെങ്കിലും കേസ്;

## പെൺകുട്ടിയുടെ ആത്മഹത്യാ ശ്രമത്തിൽ SFIക്ക് കുരുക്ക്.



യൂണിവേഴ്സിറ്റി കോളേജിലെ SFI യൂണിയനെയും പ്രിൻസിപ്പൽ അടക്കമുള്ള അധ്യാപകരെയും അതിരൂക്ഷമായി കുറ്റപ്പെടുത്തി കുറിപ്പെഴുതിയ ശേഷമായിരുന്നു ആത്മഹത്യാശ്രമം.

SFI നേതാക്കൾ പഠിക്കാൻ അനുവദിക്കാതെ നിർബന്ധിച്ചു സമരങ്ങൾക്കു കൂട്ടിക്കൊണ്ടു പോയെന്നും പരാതി പറഞ്ഞപ്പോൾ പ്രിൻസിപ്പൽ പോലും കാര്യമാക്കിയില്ലെന്നും മരിച്ചാൽ ഉത്തരവാദികൾ പ്രിൻസിപ്പലും SFI നേതാക്കളുമെന്നു പറഞ്ഞ് ഏതാനും വ്യക്തികളുടെ പേരുകളും കുറിപ്പിൽ എടുത്തു പറയുന്നു.



# മുഖ്യമന്ത്രി യൂറോപ്പിലേക്ക്;

നെതർലാൻഡ്സിൽ മെയ് 9 നാണ് മുഖ്യമന്ത്രിയുടെ ആദ്യ പരിപാടി. നെതർലാൻഡ്സിലെ ഐടി മേഖലയിലെ കൂട്ടായ്മയായ ടി.എൻ.ഒ പ്രതിനിധികളുമായി മുഖ്യമന്ത്രി ചർച്ച നടത്തും.

പ്രളയദുരന്തം നേരിടുന്നതിന് നെതർലാൻഡ്സ് നടപ്പാക്കിയ റൂം ഫോർ റിവർ പദ്ധതി പ്രദേശം മുഖ്യമന്ത്രി സന്ദർശിക്കും.

# പരാജയഭീതി മൂലം മോദി മാനസികരോഗിയെപ്പോലെ പെരുമാറുന്നു : കോൺഗ്രസ് വക്താവ് പവൻ ഖേര





മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധി അഴിമതിക്കാരനാണെന്ന പ്രസ്താവനയ്ക്കു പ്രധാനമന്ത്രി നരേന്ദ്രമോദിക്കെതിരേ തുറന്നടിച്ച് കോൺഗ്രസ് ഔദ്യോഗികമായി രംഗത്ത്.

# അഞ്ച് വർഷത്തിനിടെ ഒമ്പത് ആക്രമണങ്ങൾ; അവയ്ക്കെല്ലാം പിന്നിൽ ബി.ജെ.പിയെന്ന് കെജ്‌രിവാൾ



മോദിക്കെതിരെ സംസാരിക്കുന്നവരെ ഇല്ലാതാക്കുകയാണ് ബി.ജെ.പി. ചെയ്യുന്നതെന്ന് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ. സംസ്ഥാന മുഖ്യമന്ത്രിയെപ്പോലും അവർ വെറുതെ വിടില്ലെന്നും അദ്ദേഹം ആരോപിച്ചു

'എല്ലാ സംസ്ഥാനങ്ങളിലും മുഖ്യമന്ത്രിയുടെ സുരക്ഷാ ചുമതല സംസ്ഥാന പോലീസിനാണ്. എന്നാൽ, ഡൽഹിയിൽ മുഖ്യമന്ത്രിയുടെ സുരക്ഷ ബി.ജെ.പി.യുടെ ഉത്തരവാദിത്തമാണ്'

# SSLC പരീക്ഷാ ഫലപ്രഖ്യാപനം നാളെ



ഈ വർഷത്തെ എസ്എസ്എൽസി പരീക്ഷാഫലം നാളെ ഉച്ചയ്ക്ക് 2 മണിക്ക് പ്രഖ്യാപിക്കും. ടിഎച്ച്എൽഎസി, എഎച്ച്എസ്എൽസി പരീക്ഷകളുടെ ഫലപ്രഖ്യാപനവും ഇതോടൊപ്പം നടക്കും. 4,35,142 വിദ്യാർത്ഥികളാണ് സംസ്ഥാനത്ത് ഇത്തവണ എസ് എസ് എൽ സി പരീക്ഷയെഴുതിയത്

keralapareekshabhavan.in, sslcexam.kerala.gov.in, www.results.kite.kerala.gov.in, results.kerala.nic.in, www.prd.kerala.gov.in എന്നീ സൈറ്റുകളിൽ ഫലം ലഭ്യമാകും.

# എം.എം. മണിയുടെ മണ്ഡലത്തിലും കള്ളവോട്ട്; സിപിഎമ്മിനെതിരെ കോൺഗ്രസ്



മന്ത്രി എം.എം. മണിയുടെ മണ്ഡലമായ ഉടുമ്പൻചോലയിലും സിപിഎമ്മിനെതിരെ കള്ളവോട്ട് ആരോപണം. 2 തിരിച്ചറിയൽ കാർഡുകൾ ഉപയോഗിച്ച് ഡിവൈഎഫ്ഐ പ്രവർത്തകൻ 2 ബൂത്തുകളിൽ വോട്ടു ചെയ്തെന്നാണ് ഡിസിസി പ്രസിഡന്റ് ഇബ്രാഹിം കുട്ടി കല്ലാറിന്റെ പരാതി.